**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3311** **15-02-2024 - ൽ മറുപടിയ്ക്ക്**

**കുറവിലങ്ങാട് പള്ളിയുടെ ഭാഗത്ത് സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുറവിലങ്ങാട് പള്ളിയുടെ ഭാഗത്ത് സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണം നടപ്പാക്കുന്നതിന് പി.ഡബ്ല്യു.ഡിയുടെ അനുമതി ലഭിക്കുന്നതു സംബന്ധിച്ച് 5.09.2023-ൽ പൊതുമരാമത്ത് വകുപ്പ മന്ത്രിക്കും ചീഫ് എഞ്ചിനീയർക്കും നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഇലക്കാട് -കുറവിലങ്ങാട് -പള്ളിത്താഴം -മടയംകുന്നം റോഡിൽ കുറവിലങ്ങാട് പള്ളിയുടെ ഭാഗത്ത് സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണം നടപ്പാക്കുന്നതിനെ സംബന്ധിച്ച് 05.09.2023-ൽ ലഭ്യമായ നിവേദനം ചീഫ് എഞ്ചിനീയർ (നിരത്തുകൾ) മുഖേന എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പരിശോധനയ്ക്ക് നൽകുകയും, 19.01.2024 തീയതിയിൽ പള്ളി അധികാരികളുമായി എക്സിക്യൂട്ടീവ് എഞ്ചിനീയർ സംയുക്ത സ്ഥല പരിശോധന നടത്തുകയും ചെയ്തു. ഡീറ്റെയിൽഡ് ഡ്രോയിംഗ് തയ്യാറാക്കിയ ശേഷം തുടർ നടപടികൾ സ്വീകരിക്കും. |
| (ബി) | കടുത്തുരുത്തി മണ്ഡലത്തിൽ ഉൾപ്പെട്ട കുറവിലങ്ങാട് മാർത്ത് മറിയം ആർക്കി എപ്പിസ്കോപ്പൽ ദേവാലയത്തിൽ നിന്നും സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മിക്കുന്നതിന വേണ്ടി സമർപ്പിച്ചിരുന്ന നിവേദനത്തിൽ കോട്ടയം പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത സ്ഥലത്ത് റോഡ് മുറിച്ചു കടക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും കാൽനടയാത്രക്കാർക്ക് സുരക്ഷ ഉറപ്പാക്കുന്നതിനും സ്റ്റീൽ ഫുട്ട് ബ്രിഡ്ജ് നിർമ്മാണത്തിലൂടെ സാധിക്കുമെന്നതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ